ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 31-03-2024

## പ്രധാനവാർത്തകൾ

1. ഒന്നാം ഘട്ട ലോക്സഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമയപരിധി അവസാനിച്ചു; കേരളമുൾപ്പടെ 13 സംസ്ഥാനങ്ങളിലെ പത്രികാ സമർപ്പണം ഏപ്രിൽ നാലു വരെ.
2. ഉത്തർപ്രദേശിൽ ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു; അരവിന്ദ് കെജ്രിവാളിൻറെ അറസ്റ്റടക്കമുള്ള വിഷയങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷ പാർട്ടികൾ ഡൽഹിയിൽ മഹാ റാലി സംഘടിപ്പിച്ചു.
3. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ലക്ഷദ്വീപിൽ തിരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു; മത്സര രംഗത്ത് നാല് സ്ഥാനാർഥികൾ.
4. സംസ്ഥാനത്ത് നികുതി, ഫീസ് വർധനയും ഇളവുകളും നാളെ പ്രാബല്യത്തിൽ വരും.
5. ഐപിഎലിൽ ഹൈദരാബാദിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 163 റൺസ് വിജയലക്ഷ്യം. ഐഎസ്എലിൽ മോഹൻബഗാൻ-ചെന്നൈയിൻ മത്സരം വൈകിട്ട് 7.30 ന്.

&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ 2

**പി എം- മീററ്റ്**

ബി ജെ പി ഇത്തവണ അധികാരത്തിൽ വന്നാൽ ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സമ്പദ് വ്യവസ്ഥയാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അത്തരത്തിൽ വളർച്ച കൈവരിക്കുമ്പോൾ രാജ്യത്തെ ദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കും. അതിനൊപ്പം 'പുതിയ മധ്യവർഗം' നയിക്കുന്ന ഇന്ത്യയുടെ വികസനം ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഉത്തർപ്രദേശിലെ മീററ്റിൽ ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, രാഷ്ട്രീയ ലോക്ദൾ അധ്യക്ഷൻ ജയന്ത് ചൗധരി തുടങ്ങിയ നേതാക്കൾ പരിപാടിയിൽ സന്നിഹിതരായിരുന്നു . ഏഴ് ഘട്ടമായാണ് ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 19 നാണ് ആദ്യ ഘട്ടം.

**&&&&&&&&&&&&&&&**

PNU TVPM

## ഹെഡ് ലൈൻ 2 A

**പ്രതിപക്ഷ റാലി**

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻ്റെ അറസ്റ്റിലടക്കം വിവിധ വിഷയങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷ സഖ്യമായ I.N.D.I.A, ഡൽഹി രാംലീല മൈതാനിയിൽ മഹാ റാലി സംഘടിപ്പിച്ചു. പ്രതിപക്ഷ പാർട്ടികളെ ഭീഷണിപ്പെടുത്താൻ വിവിധ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാർ ദുരുപയോഗം ചെയ്യുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. വരുന്ന തിരഞ്ഞെടുപ്പ് ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കാനുള്ളതാണെന്നും, പ്രതിപക്ഷം ഒറ്റക്കെട്ടായി പോരാടണമെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മൻ, ജാർഖണ്ഡ് മുഖ്യമന്ത്രി ചമ്പായി സോറൻ, സീതാറാം യെച്ചൂരി, ഡി രാജ, ഉദ്ധവ് താക്കറെ, ശരദ് പവാർ, തേജസ്വി യാദവ്, ഫറൂഖ് അബ്ദുള്ള, മെഹബൂബ മുഫ്തി, അഖിലേഷ്

യാദവ്, ഡെറിക് ഒബ്രിയാൻ, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ഭാര്യ സുനിത തുടങ്ങിയവർ മഹാറാലിയിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&**

**തെരഞ്ഞെടുപ്പ് പത്രിക**

രാജ്യത്ത് തെരഞ്ഞടുപ്പ് പ്രവർത്തനങ്ങൾ സജീവം. ആദ്യഘട്ടം ലോക്സഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കേണ്ട സമപരിധി ഇന്നലെ അവസാനിച്ചു. സിക്കിം, അരുണാചൽപ്രദേശ് നിയമസഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള സമയപരിധിയും അവസാനിച്ചു. പത്രിക സമർപ്പണം ബുധനാഴ്ച പൂർത്തിയായിരുന്നു, സൂക്ഷ്മ പരിശോധന വ്യാഴാഴ്ച നടന്നു. ഏപ്രിൽ 19-നാണ് ആദ്യഘട്ട വോട്ടെടുപ്പ്.

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 1

**തെരഞ്ഞെടുപ്പ് കേരളം**

രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെയുള്ള 13 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 89 മണ്ഡലങ്ങളിലേക്ക് ഏപ്രിൽ നാലു വരെ പത്രിക സമർപ്പിക്കാം. രണ്ടാം ഘട്ടത്തിൽ ഏപ്രിൽ 26 നാണ് വോട്ടെടുപ്പ്. അഞ്ചാം തീയതി സൂക്ഷ്മ പരിശോധന നടക്കും. എട്ടാം തീയതി വരെ പത്രിക പിൻവലിക്കാം.

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 3

**മണ്ഡലങ്ങളിലൂടെ- ലക്ഷദ്വീപ് (ഇൻട്രോ)**

ഏപ്രിൽ 19 ന് ആദ്യ ഘട്ട വോട്ടടുപ്പ് നടക്കുന്ന ലക്ഷദ്വീപിൽ ലോക് സഭാ തിരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. നാല് സ്ഥാനാർഥികളാണ് ഇവിടെ മത്സര രംഗത്തുള്ളത്. ആരോഗ്യം, കപ്പൽ, വ്യോമയാന ഗതാഗതം, വിദ്യാഭ്യാസം, തൊഴിൽ എന്നി

RNU TVPM

സുപ്രധാന മേഖലകളിലെ ആവശ്യങ്ങളാണ് ലോക്സഭാ തെരെഞ്ഞെടുപ്പിൽ പ്രധാനമായും ലക്ഷദ്വീപിൽ ചർച്ചാവിഷയം .
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് ലേഖകൻ

അബ്ദുൾ സലാം..
(വോയിസ്)

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 4

**ട്രഷറി ഇടപാടുകൾ**

സാമ്പത്തിക വർഷത്തെ ആദ്യ പ്രവൃത്തി ദിവസമായ നാളെ ട്രഷറി തുറന്ന് പ്രവർത്തിക്കുമെങ്കിലും സാമ്പത്തിക ഇടപാടുകൾ ഉണ്ടായിരിക്കില്ലെന്ന് അധികൃതർ അറിയിച്ചു. സംസ്ഥാന ബജറ്റിൽ നിർദേശിച്ച നികുതി, ഫീസ് വർധനയും ഇളവുകളും നാളെ മുതൽ പ്രാബല്യത്തിൽ വരും. കോടതി ഫീസുകൾ ഉയരും. ചെക്ക് കേസിനും വിവാഹ മോചന കേസിനും ഇനി മുതൽ ഫീസ് കൂടും. ഭൂമി പണയപ്പെടുത്തി വായ്പ എടുക്കുന്നതിനും ചിലവേറും. റബറിന്റെ താങ്ങുവില 170 രൂപയിൽ നിന്ന് 180 രൂപയാകും. സർക്കാർ ജീവനക്കാർക്ക് ഡിഎയിലും പെൻഷൻകാർക്ക് ഡിആറിലും രണ്ട് ശതമാനം വർധനവും നാളെ മുതൽ പ്രാബല്യത്തിലാകും.

RNU TVPM

**&&&&&&&&&&&&&&&**

**റേഷൻ വിതരണം**

ഏപ്രിൽ മാസത്തെ റേഷൻ വിതരണം അടുത്ത മാസം എട്ടിന് ആരംഭിക്കും. ഈ മാസത്തെ റേഷൻ അടുത്ത ശനിയാഴ്ച വരെ വിതരണം ചെയ്യുന്ന സാഹചര്യത്തിലാണിത്. നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും.

**&&&&&&&&&&&&&&&**

**കടലാക്രമണം**

തിരുവനന്തപുരത്തും കൊല്ലത്തും ആലപ്പുഴയിലും തൃശ്ശൂരും കടലാക്രമണം രൂക്ഷം. തിരുവനന്തപുരത്തെ പൂവാർ മുതൽ പൂന്തുറ വരെ തീരമേഖലയിൽ കടൽ കയറി. പുല്ലുവിള, പൊഴിയൂർ

വരെയുള്ള പ്രദേശങ്ങളിൽ വീടുകളിലേക്ക് വെള്ളം ഇരച്ചെത്തി. തീരത്ത് കയറ്റിയിട്ട ബോട്ടുകൾക്കും കേടുപാടുണ്ടായി. ആലപ്പുഴയിൽ പുറക്കാട് വളഞ്ഞവഴി പള്ളിത്തോട് എന്നിവിടങ്ങളിലാണ് കടലാക്രമണം രൂക്ഷമായത്. പുറക്കാട് വള്ളങ്ങൾ തീരത്ത് നിന്ന് നീക്കി. പള്ളിത്തോട് വീടുകളിൽ വെള്ളം കയറി. ആറാട്ടുപുഴയിലും ശക്തമായ കടൽക്ഷോഭമുണ്ട്. തൃശ്ശൂരിൽ പെരിഞ്ഞനം, കൈപ്പമംഗലം, വഞ്ചിപ്പുര എന്നിവിടങ്ങളിൽ ശക്തമായ തിരയടിയുണ്ട്.

&&&&&&&&&&&&&&&

ഹെഡ് ലൈൻ 5

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് 163 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഹൈദരാബാദ് 20 ഓവറിൽ 8 വിക്കറ്റിന് 162 റൺസെടുത്തു. ഇന്ന് വൈകിട്ട് 7.30 ന് വിശാഖപട്ടണത്ത് നടക്കുന്ന രണ്ടാം മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&

ഹെഡ് ലൈൻ 5 A

**ഐ എസ് എൽ**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ മോഹൻബഗാൻ സൂപ്പർ ജയന്റ്സ് ഇന്ന് ചെന്നൈയിൻ എഫ് സിയുമായി ഏറ്റുമുട്ടും.രാത്രി 7.30ന് കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&&

**ഈസ്റ്റർ**

ലോകം ഇന്ന് ഈസ്റ്റർ ആഘോഷിക്കുന്നു. ത്യാഗത്തിൻറേയും സഹനത്തിൻറേയും വിജയം ഉദ്ഘോഷിക്കുന്ന ഉയിർപ്പ് തിരുനാൾ ദിനത്തിൽ പുലർച്ചെ മുതൽ വിവിധ ദേവാലയങ്ങളിൽ പ്രത്യേക

പ്രാർഥനകളും ആഘോഷങ്ങളും നടന്നു. ഓശാന ഞായറിന് ആരംഭിച്ച വിശുദ്ധ വാരത്തിന് ഈസ്റ്ററോടെ സമാപനമാകും.

&&&&&&&&&&&&&&&

**ഗവർണർ- ഈസ്റ്റർ**

ഈസ്റ്റർ ദിനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തിരുവനന്തപുരം പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ സുറിയാനി പള്ളി സന്ദർശിച്ചു. പാളയത്തെ പ്രശസ്തമായ സെന്റ് ജോസഫ് മെട്രോപൊളിറ്റൻ കത്തീഡ്രലിലെ പ്രാർഥനാ ചടങ്ങുകളിലും ഗവർണർ സംബന്ധിച്ചു.

&&&&&&&&&&&&&&&

**ആകാശവാണി @ 75**

ആകാശവാണി തിരുവനന്തപുരം നിലയം 75-ാം വർഷത്തിലേക്ക്. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾക്ക് നാളെ തിരുവനന്തപുരം ആകാശവാണി അങ്കണത്തിൽ തുടക്കമാകും. വൈകുന്നേരം മൂന്ന് മണിക്ക് നടക്കുന്ന ചടങ്ങ് പ്രശസ്ത സാഹിത്യകാരൻ ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&

**പത്തനംതിട്ട -ആൻറോ ആൻറണി**

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ലോക്സഭാ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ വികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിലെ പേരും ചിത്രങ്ങളും മറയ്ക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി.

&&&&&&&&&&&&&&&

**താപനില**

സംസ്ഥാനത്ത് ബുധനാഴ്ച വരെ ഉയർന്ന താപ നില തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയർന്നേക്കും. പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും താപനില വർദ്ധിക്കാൻ സാധ്യതയുണ്ട്.

**&&&&&&&&&&&&&&&**

**കളള് വ്യവസായം- ക്ഷേമനിധി പെൻഷൻ**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 2024 ലേക്ക് തുടർന്ന് പെൻഷൻ ലഭിക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 30 വരെ നീട്ടിയതായി വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചു.

**&&&&&&&&&&&&&&&**

**മലപ്പുറം- ക്രിക്കറ്റ് തിരഞ്ഞെടുപ്പ്**

ഏപ്രിൽ 7 ന് നടത്താൻ തീരുമാനിച്ചിരുന്ന 14 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ അന്തർ ജില്ലാ മത്സരങ്ങൾക്കായുള്ള മലപ്പുറം ജില്ലാ ക്രിക്കറ്റ് ടീമിന്റെ തിരഞ്ഞെടുപ്പ് മാറ്റി വച്ചതായി ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ സെക്രട്ടറി അറിയിച്ചു.

RNJ TVPM

**&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&**